"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്- ശ്രീ. രതീഷ് കുമാർ. പി. വി യെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമിച്ച്- ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

G.O.(Rt)No.239/2026/LSGD തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.894/2019/തസഭവ തീയതി 26.04.2019
2. സ.ഉ(സാധാ) നം.2326/2025/തസ്വഭവ തീയതി 24.09.2025
3. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 30.12.2025 ലെ എൽഎസ്ജിഡി/പിഡി/27551/2025-ഡിഇഎ6 നമ്പർ കത്ത്
4. സ.ഉ(സാധാ) നം.51/2026/തസ്വഭവ തീയതി 06.01.2026
5. പിഎംയു പ്രോജക്റ്റ് ഡയറക്ടറുടെ 08.01.2026 ലെ ഇ1/58/2020/പിഎംയുഎൽഎസ്ഡിഡി നമ്പർ കത്ത്
6. സ.ഉ(സാധാ) നം.70/2026/തസ്വഭവ തീയതി 09.01.2026
7. പിഎംയു പ്രോജക്റ്റ് ഡയറക്ടറുടെ 14.01.2026 ലെ ഇ1/58/2020/പിഎംയുഎൽഎസ്ഡിഡി നമ്പർ നടപടിക്രമം

**ഉത്തരവ്**

പരാമർശം (1) പ്രകാരം രൂപീകൃതമായ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലെ റീബിൽഡ് കേരള പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ(പി.എം.യു) പ്രവർത്തന കാലാവധി പരാമർശം (6) പ്രകാരം 2026 മാർച്ച് വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവായിട്ടുണ്ട്.

പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.എം.യു-ലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീമതി. സുജ. ഇ. എൻ- ന്, പരാമർശം (4) പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി മലപ്പുറം ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിയമനം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം ടിയാളെ 14.01.2026 അപരാഹ്നത്തിൽ പിഎംയു വിലെ സീനിയർ സൂപ്രണ്ട് ചുമതലകളിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവിലേക്ക് കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. രതീഷ് കുമാർ. പി. വി-യെ നിയമിക്കുന്നതിന് ടിയാളുടെ അപേക്ഷ സഹിതം പരാമർശം (5) പ്രകാരം ശിപാർശ ലഭ്യമാക്കിയിരിക്കുന്നു. ടിയാളെ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട നിരാക്ഷേപ സാക്ഷ്യപത്രവും പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. രതീഷ് കുമാർ. പി. വി-യെ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലെ റീബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിലവിൽ ഒഴിവുള്ള സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയുമായി ബന്ധപ്പെട്ട് നിലവിൽ ബാധകമായ നിയമങ്ങൾക്ക് വിധേയമായി പി.എം.യു-ന്റെ കാലാവധി അവസാനിയ്ക്കുന്നതു വരെയോ, പരമാവധി ഒരു വർഷം വരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHA K S
ADDITIONAL SECRETARY

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രോജക്ട് ഡയറക്ടർ,പി.എം.യു -ആർകെ.ഐ, തദ്ദേശ സ്വയംഭരണ വകുപ്പ്

ശ്രീ. രതീഷ് കുമാർ. പി. വി, സെക്രട്ടറി, ചിറക്കൽ ഗ്രാമപഞ്ചായത്ത്

അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തികകാര്യ(ആർകെഐ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 31-01-2026 11:05:18